# പതിമൂന്നാം കേരളനിയമസഭ
# പതിന്നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. T.5625 29.07.2015 ൽ മറുപടിക്ക്

## എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ

| | ചോദ്യം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.കെ.അജിത്. | | മറുപടി<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ പൂർണ്ണമായും,ഭാഗികമായും കിടപ്പിലായ എത്ര പേർ വീതമുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ 263 പേർ പൂർണ്ണമായും കിടപ്പിലായവരുടെ വിഭാഗത്തിലും, 976 പേർ മറ്റ് ശാരീരിക വൈകല്യം ബാധിച്ചവരുടെ വിഭാഗത്തിലും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | കിടപ്പിലായവർക്കും, ഭാഗികമായി കിടപ്പിലായവർക്കും, മരണമടഞ്ഞവരുടെ ആശ്രിതർക്കും ദേശീയ മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിച്ച ധനസഹായം എത്ര വീതമാണ്, ഓരോ വിഭാഗത്തിലും എത്ര പേർക്ക് വീതം ധനസഹായം അനുവദിച്ച് നൽകി എന്ന് വ്യക്തമാക്കാമോ | (ബി | ദേശിയ മനുഷ്യാവകാശ കമ്മിഷൻ ശുപാർശ ചെയ്ത പ്രകാരമുള്ള തുക താഴെ പറയും പ്രകാരമാണ്.<br><br>* പൂർണ്ണമായും കിടപ്പിലായവർക്ക് 5 ലക്ഷം രൂപ<br>* ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് 5 ലക്ഷം രൂപ<br>* മറ്റ് ശാരിരിക വൈകല്യം ബാധിച്ചവർക്ക് 3 ലക്ഷം രൂപ<br>* മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് 5 ലക്ഷം രൂപ<br><br>പൂർണ്ണമായും കിടപ്പിലായ 263 പേർക്ക് 3,84,50000 രൂപയും മറ്റ് ശാരീരിക വൈകല്യം ബാധിച്ച 976 പേർക്ക് 9,76,00000 രൂപയും മരണപ്പെട്ട 669 പേരുടെ ആശ്രിതർക്ക് 9,98,00000 രൂപയും ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് മന്ത്രിമാരടങ്ങുന്ന ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; ഈ കമ്മിറ്റി ഇതിനകം എത്ര പ്രാവശ്യം യോഗം ചേർന്നുവെന്ന് വ്യക്തമാക്കാമോ; | | ജില്ലാതല സെൽ രൂപികരിച്ചിട്ടുണ്ട്.<br>21 പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. |
| (ഡി) | കമ്മിറ്റി തീരുമാന പ്രകാരം നടപ്പിലാക്കിയ കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ | (ഡി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ,പ്രവർത്തനങ്ങൾഏകോപിക്കുന്നതിനും അവലോകനം, ചെയ്യുന്നതിനുമായി ബഹു.കൃഷി വകുപ്പ് മന്ത്രി ചെയർമാനും, ജില്ലാ കളക്ടർ -<br>(മറുപുറം) |

| | | | |
|---|---|---|---|
| | | | കൺവീനറും, സ്ഥലം എം.പി, എം.എൽ.എ മാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ദുരിതബാധിത പ്രദേശങ്ങളിലെ പഞ്ചായത്ത് പ്രസിഡന്റുമാർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ജില്ലാതല ഉദ്യോഗസ്ഥർ, തുടങ്ങിയവർ അംഗങ്ങളുമായുള്ള ഒരു ജില്ലാ തല സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ലാതല സെൽ യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നുണ്ട്. |
| | | | |

സെക്ഷൻ ഓഫീസർ